# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 16<br>January 16 | 2019 |
|---|---|

*1193 മകരം 2 ബുധൻ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലയുടെ വളർച്ച ലക്ഷ്യമിട്ട് ഡിസ്ട്രിക്ട് ഇന്നവേഷൻ കൗൺസിലിന്റെ പദ്ധതി**

**നവസംരംഭകർക്കായി സ്റ്റാർട്ട് അപ്പ്- സാങ്കേതിക പരിജ്ഞാന ക്യാമ്പുകൾ വരുന്നു; ഉദ്ഘാടനം 17ന്**

ജില്ലയുടെ വ്യവസായ വളർച്ച ലക്ഷ്യമിട്ട് ഡിസ്ട്രിക്ട് ഇന്നവേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നവസംരംഭകർക്കായി സ്റ്റാർട്ട് അപ്പ്-സാങ്കേതിക പരിജ്ഞാന ക്യാമ്പുകൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ആശയങ്ങൾ പങ്കുവയ്ക്കാനും രൂപകൽപ്പന ചെയ്ത ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും നവസംരംഭകർക്ക് അവസരം ഒരുക്കും. എല്ലാ മാസത്തിലെയും മൂന്നാം വ്യാഴാഴ്ച വൈകിട്ട് അഞ്ചു മുതൽ എട്ടു വരെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുക. ആദ്യ ക്യാമ്പിന്റെ ഉദ്ഘാടനം 17ന് വൈകിട്ട് അഞ്ചിന് തിരുവല്ല മാക്ഫാസ്റ്റ് കോളജ് ഓഡിറ്റോറിയത്തിൽ ജില്ലാ കളക്ടർ പി.ബി. നൂഹ് നിർവഹിക്കും.

സബ് കളക്ടർ വിനയ് ഗോയൽ ആമുഖ പ്രഭാഷണം നടത്തും. എമർജിംഗ് ടെക്നോളജീസ് എന്ന വിഷയം അടിസ്ഥാനമാക്കി അമേരിക്കൻ സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കൺസൾട്ടന്റ് ക്രിഷ് പിള്ള മുഖ്യപ്രഭാഷണം നടത്തും. അമേരിക്കയിലെ തൊമർ ഗ്രൂപ്പിന്റെ സിഇഒ തോമസ് മൊട്ടയ്ക്കൽ വ്യവസായ സംരംഭകരുമായി തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കും. യുഎസ് എയ്റോ കൺട്രോൾസ് ഡയറക്ടർ കുസുമം ടൈറ്റസ്, സിഡാറ്റ് ചീഫ് ഓർഗനൈസർ റവ. ഡോ. എബ്രഹാം മുളമൂട്ടിൽ എന്നിവർ പ്രസംഗിക്കും.

മധ്യതിരുവിതാംകൂറിലെ വാണിജ്യ-വ്യവസായ സംരംഭകർ, ഉന്നത വിദ്യാഭ്യാസ

Sample output to test PDF Combine only

സ്ഥാപനങ്ങളിലെ പ്രമുഖർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ്, തിരുവല്ല സബ് കളക്ടർ വിനയ് ഗോയൽ, ചീഫ് ഓർഗനൈസർ റവ.ഡോ. ഏബ്രഹാം മുളമ്മൂട്ടിൽ എന്നിവർ അറിയിച്ചു. (പിഎൻപി 150/19)

## നിയമസഭാ സമിതി സിറ്റിംഗ് നാളെ (18)

സംസ്ഥാന നിയമസഭയുടെ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി നാളെ (18) രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. ജില്ലയിൽ നിന്നും സമിതിക്ക് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കും.

ജില്ലയിലെ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും സംഘടനാ പ്രതിനിധികൾക്കും പരാതികളും നിർദേശങ്ങളും സമിതി മുമ്പാകെ നേരിട്ട് ബോധിപ്പിക്കാം.

(പിഎൻപി 151/19)

## യൂത്ത് പാർലമെന്റിൽ പങ്കെടുക്കാൻ അവസരം

കേന്ദ്ര യൂത്ത് അഫയേഴ്സ് മന്ത്രാലയം ജില്ലാ, സംസ്ഥാനതലങ്ങളിൽ സംഘടിപ്പിക്കുന്ന യൂത്ത് പാർലമെന്റിൽ പങ്കെടുക്കാൻ ജില്ലയിലെ യുവതീയുവാക്കൾക്ക് അവസരം. പൊതുവിഷയങ്ങളിലുള്ള പരിജ്ഞാനവും ആശയങ്ങൾ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള വാക്ചാതുര്യവും പരിഗണിച്ചാണ് തെരഞ്ഞെടുക്കുന്നത്. ഇതിലേക്കുള്ള പ്രാഥമിക സ്ക്രീനിംഗ് ഇന്നും (17) നാളെയും 19നും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടക്കും. 2018 ജൂൺ 30ന് 18നും 25നും മധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം. പ്രാഥമിക സ്ക്രീനിംഗിലൂടെ തെരഞ്ഞെടുക്കുന്ന 100 പേരെ പങ്കെടുപ്പിച്ച് ജില്ലാതല യൂത്ത് പാർലമെന്റ് ഈ മാസം 24ന് നടക്കും. ഇതിൽ നിന്നും മികച്ച മൂന്ന് പ്രാസംഗികരെ സംസ്ഥാനതല യൂത്ത് പാർലമെന്റിൽ പങ്കെടുപ്പിക്കും. സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്ന മൂന്ന് പേർക്ക് ഫെബ്രുവരിയിൽ ന്യൂഡൽഹിയിൽ നിക്കുന്ന ദേശീയ യൂത്ത് പാർലമെന്റിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

സ്ക്രീനിംഗ് സംബന്ധിച്ച കൂടുതൽ വിവരം കളക്ടറേറ്റിന് സമീപം പ്രവർത്തിക്കുന്ന നെഹ്റു യുവകേന്ദ്രയിൽ നിന്നും ജില്ലാ നോഡൽ ഓഫീസറിൽ നിന്നും ലഭിക്കും. ഫോൺ: 9746621924, 0468 2223640. (പിഎൻപി 152/19)

## ഡിസൈനർ, ക ന്റ് ഡെവലപ്പർ: അപേക്ഷ ക്ഷണിച്ചു

അച്ചടി, ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള സർക്കാരിന്റെ പ്രചാരണ പരിപാടികൾക്കായുള്ള ആവിഷ്ക്കാരങ്ങൾക്ക് ഡിസൈൻ വർക്കുകൾ, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ വിവരണങ്ങൾ എന്നിവ നൽകുന്നതിന് ഡിസൈനർ, ക ന്റ് ഡെവലപ്പർ എന്നിവരുടെ താത്കാലിക സേവനം ജില്ലാ അടിസ്ഥാനത്തിൽ ആവശ്യമു ്. ഈ മേഖലകളിൽ പ്രവൃത്തിപരിചയമുള്ളവർക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.kerala.gov.in. (പിഎൻപി 153/19)

## യോഗം ഇന്ന് (17)

മാരാമൺ കൺവൻഷനുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ 10ന് നടത്താനിരുന്ന യോഗം വൈകിട്ട് നാലിനും ചെറുകോൽപ്പുഴ ഹിന്ദുമഹാമണ്ഡലം പരിഷത്തുമായി ബന്ധപ്പെട്ട് രാവിലെ 11.30ന് നടത്താനിരുന്ന യോഗം വൈകിട്ട് 5.30നും ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 154/19)

Sample output to test PDF Combine only

**അപേക്ഷ നൽകാം**

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾ പ്രകാരം വ്യക്തിഗത ആനുകൂല്യത്തിന് അപേക്ഷിക്കാം. അപേക്ഷാഫോറം പഞ്ചായത്ത് ഓഫീസ്, അങ്കണവാടികൾ, മൃഗാശുപത്രി, കൃഷിഭവൻ എന്നിവിടങ്ങളിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 23. (പിഎൻപി 155/19)

**എപ്പിഗ്രാഫി കോഴ്സിന് അപേക്ഷിക്കാം**

സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിൽ ആരംഭിക്കുന്ന ഒരു വർഷത്തെ എപ്പിഗ്രാഫി കോഴ്സിന് അപേക്ഷിക്കാം. മലയാളം, സംസ്കൃതം, തമിഴ്, ചരിത്രം, ഭാഷാശാസ്ത്രം, ആർക്കിയോളജി എന്നീ വിഷയങ്ങളിൽ അംഗീകൃത യൂണിവേഴ്സിയിൽ നിന്നും നേടിയിട്ടുള്ള ബിരുദം അല്ലെങ്കിൽ ആർക്കിടെക്ചർ, സിവിൽ എന്നിവയിലുള്ള ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വിഷയത്തിൽ നേടിയ ബിരുദവും ശിലാലിഖിത വിജ്ഞാനീയത്തിലോ പുരാണ ലിപി വിജ്ഞാനത്തിലോ ഉള്ള താത്പര്യവുമാണ് യോഗ്യത. ആകെ 20 സീറ്റുകളാണുള്ളത്. 50000 രൂപയും ജിഎസ്ടിയുമാണ് കോഴ്സ് ഫീസ്. അപേക്ഷാഫോറം 200 രൂപയുടെ മണിയോർഡറോ പോസ്റ്റൽ ഓർഡറോ മുഖേന ഓഫീസിൽ നിന്ന് നേരിട്ട് ലഭിക്കും. അപേക്ഷ ഫെബ്രുവരി അഞ്ചിന് മുമ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള, പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0468 2319740, 9400048964. (പിഎൻപി 156/18)

**സൗജന്യ പരിശീലനം**

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന സോപ്പ്, ലോഷൻ, ഡിറ്റർജന്റ്, അഗർബത്തി, മെഴുകുതിരി, കുട നിർമാണത്തിൽ 10 ദിവസത്തെ സൗജന്യ പരിശീലനത്തിന് അപേക്ഷിക്കാം. 18നും 45നും മധ്യേ പ്രായമുള്ളവരായിരിക്കണം. ഫോൺ: 0468 2270244, 2270243.

(പിഎൻപി 157/19)

**മെഷീൻ ഓപ്പറേറ്റർ ഒഴിവ്**

കോന്നി സിഎഫ്ആർഡിയുടെ കീഴിൽ എറണാകുളം ഇലഞ്ഞിയിൽ നിർമാണം പൂർത്തിയായി വരുന്ന ഡീഹൈഡ്രേഷൻ പ്ലാന്റിലേക്ക് 15000 രൂപ പ്രതിമാസ വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ മെഷീൻ ഓപ്പറേറ്ററെ നിയമിക്കുന്നു. അപേക്ഷാഫോറവും കൂടുതൽ വിവരവും www.supplycokerala.com എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പിഎൻപി 158/19)

**ജില്ലാ വികസന സമിതി യോഗം**

ഈ മാസം 19ന് നടത്താനിരുന്ന ജില്ലാ വികസന സമിതിയോഗം ഫെബ്രുവരി ര ിന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 159/19)

**കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ് ഉദ്ഘാടനം ചെയ്തു**

കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ് 25-ാം ഘട്ടം ജില്ലാതല ഉദ്ഘാടനം കുഴിക്കാല ഓപ്പൺഎയർ ഓഡിറ്റോറിയത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി നിർവഹിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലുള്ള മുഴുവൻ ക്ഷീരകർഷകരുടേയും ഭവനങ്ങൾ സന്ദർശിച്ച് വാക്സിനേഷൻ

Sample output to test PDF Combine only

ടീമുകൾ, കന്നുകാലികൾ, എരുമ, പോത്ത്, പന്നി എന്നിവയ്ക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പുകൾ നൽകും. ഇതിനായി 110 ടീമുകളെ നിയോഗിച്ചു. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലത വിക്രമൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ബാബു ഏബ്രഹാം പദ്ധതി വിശദീകരണം നടത്തി.

ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ലീലാമോഹനൻ, വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എലിസബത്ത് അബു, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സാലി തോമസ്, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബെന്നി കുഴിക്കാല, പഞ്ചായത്ത് മെമ്പർ ശാലിനി അനിൽകുമാർ, വെറ്റിനറി സർജൻ എസ്.ലീല തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 160/19)

## ദർഘാസ്

കോഴഞ്ചേരി ജില്ലാ ടി.ബി സെന്ററിൽ 2019 ഫെബ്രുവരി മുതൽ 2020 ജനുവരി വരെ ആവശ്യമായ ലാബ് കൺസ്യൂമബിൾസ് വിതരണം ചെയ്യുന്നതിന് ദർഘാസ് നൽകാം. ഈ മാസം 21ന് ഉച്ചയ്ക്ക് ഒന്നു വരെ ദർഘാസുകൾ സ്വീകരിക്കും. ഫോൺ: 0468 2310890.

(പിഎൻപി 161/19)

## പ്രത്യേക പത്രക്കുറിപ്പ്

## ഇന്ന് (17) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (17) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ഹഫ്സ മെഡിക്കൽസ് പത്തനംതിട്ട, നീതി മെഡിക്കൽ സ്റ്റോർ കോന്നി, കാഞ്ഞിരമൺ മെഡിക്കൽസ് കോഴഞ്ചേരി, അരുൺ മെഡിക്കൽസ് അടൂർ, ചിത്ര മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പന്തളം, ഗിരി മെഡിക്കൽസ് തിരുവല്ല, റാന്നി മർത്തോമ മെഡിക്കൽ മിഷൻ സെന്റർ റാന്നി, നീതി മെഡിക്കൽ സ്റ്റോർ വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 12/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ് 25-ാം ഘട്ടം ജില്ലാതല ഉദ്ഘാടനം കുഴിക്കാല ഓപ്പൺഎയർ ഓഡിറ്റോറിയത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജനുവരി 16**<br>**January 16** | **2019** |

***1193 മകരം 2 ബുധൻ***

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) **ഫോൺ0468-2222657**

**ക്വട്ടേഷൻ**

കോഴഞ്ചേരി ജില്ലാ ടി.ബി സെന്ററിൽ വിവിധ നിർമാണ പ്രവർത്തനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിച്ചു. ഈ മാസം 30ന് ഉച്ചയ്ക്ക് ഒന്നു വരെ ക്വട്ടേഷൻ സ്വീകരിക്കും. ഫോൺ: 0468 2310890.

(പിഎൻപി 162/19)

**തെങ്ങമം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ**
**പുതിയ കെട്ടിടം ഉദ്ഘാടനം ജനുവരി 19ന്**

അടൂർ തെങ്ങമം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ജനുവരി 19ന് വനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ.രാജു നിർവഹിക്കും. സ്ഥലപരിമിതിയിൽ വീർപ്പ് മുട്ടിയിരുന്ന തെങ്ങമം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ സ്ഥിതി മനസിലാക്കി ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ വികസനഫ ിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചാണ് പുതിയ കെട്ടിടം നിർമിച്ചത്. സംസ്ഥാന നിർമിതി കേന്ദ്രത്തിന്റെ ചുമതലയിലാണ് കെട്ടിനിർമാണം പൂർത്തീകരിച്ചത്. ഇതോടെ ഹൈസ്കൂൾ വിഭാഗത്തിന് ര ് നില കെട്ടിടമാകും. താഴത്തെ നിലയിൽ അഞ്ചാം ക്ലാസും മുകളിലത്തെ നിലയിൽ മറ്റ് ര ് ക്ലാസുകളുമായിരിക്കും പ്രവർത്തിക്കും.

(പിഎൻപി 163/19)

Sample output to test PDF Combine only

**ബഡ്സീസ് കിച്ചൺ,**
**കളക്ടറേറ്റ് കോമ്പൗ 1ലെ നവീകരിച്ച ക്യാന്റീൻ ഉദ്ഘാടനം ചെയ്തു**

നല്ല അസൽ പഴംപൊരിയും, പോത്തിറച്ചിയും വേണോ ? എങ്കിൽ ധൈര്യമായി കളക്ടറേറ്റിലെ പുതിയ ന്യൂജെൻ ക്യാന്റീനിലേക്ക് പോന്നോളു...ഇവിടെയെല്ലാം റെഡിയാണ്. വയറും, മനസും നിറഞ്ഞ് നല്ല രുചിയുള്ള ആഹാരം കഴിച്ച് മടങ്ങാം. പോക്കറ്റും കാലിയാകില്ല. കളക്ടറേറ്റ് കോമ്പൗ 1ലെ നവീകരിച്ച ക്യാന്റീന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ പി.ബി നൂഹ് നിർവഹിച്ചു. കുറഞ്ഞ വിലയിൽ മികച്ച ഭക്ഷണം ആളുകൾക്ക് നൽകണമെന്നും ഗുണനിലവാരം നിലനിർത്തണമെന്നും കളക്ടർ പറഞ്ഞു.

പത്തനംതിട്ട സ്വദേശികളായ കെ.മഹേഷ്കുമാർ, ദിലീപ്, രാജേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലാണ് ബഡ്സീസ് കിച്ചൺ എന്ന് പേരിലുള്ള ക്യാന്റീൻ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ഇവരെ കൂടാതെ അഞ്ച് ജീവനക്കാർ ക്യാന്റീനിൽ വേറെയു ്. മുൻകൂട്ടി ഓർഡർ നൽകിയാൽ എന്ത് ആഹാരവും കുറഞ്ഞ വിലയ്ക്ക് ഇവിടെ നിന്നും ലഭിക്കും. കളക്ടറേറ്റ് ജീവനക്കാർക്ക് മറ്റുള്ളവരേക്കാൾ കുറഞ്ഞ നിരക്കിൽ ആഹാരം ലഭിക്കും. ചായ, കോഫി, കട്ടൻചായ, പുട്ട്, ഇടിയപ്പം, അപ്പം, ചപ്പാത്തി, പൂരി, പൊറോട്ട, ദോശ, ഇഡ്ഡലി, മസാലദോശ, നെയ്റോസ്റ്റ്, വീറ്റ് പൊറോട്ട, ഒനിയൻ ഊത്തപ്പം, ഊണ്, ഫ്രൈഡ് റൈസ്, ബിരിയാണി, വിവിധ മീൻ വിഭവങ്ങൾ, ഉഴുന്നുവട, പരിപ്പുവട, വിവിധതരം ഷെയ്ക്കുകൾ, ജ്യൂസുകൾ തുടങ്ങി വ്യത്യസ്തമായ വിഭവങ്ങളാണ് കുറഞ്ഞ വിലയ്ക്ക് ഇവർ ഒരുക്കിയിരിക്കുന്നത്. ആരേയും ആകർഷിക്കുന്ന തരത്തിൽ ജനപ്രിയസിനിമാ ഡയലോഗുകളും, ചിത്രങ്ങളും കൊ ് സമ്പന്നമാണ് ക്യാന്റീനിന്റെ ഉൾവശം. ഓഫീസിലെ ജോലിത്തിരക്കുകൾക്കും ടെൻഷനുകൾക്കും ഇടയിൽ അൽപം പോസിറ്റീവ് എനർജി നൽകുന്ന ഇടമാകുകയാണ് ഈ ക്യാന്റീൻ.

(പിഎൻപി 164/19)

**പന്തളം പൂഴിക്കാട്ട് ഗവൺമെന്റ് യു.പി.എസിന് ഒരു കോടി രൂപ അനുവദിച്ചു**

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി സ്കൂളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനായി പന്തളം പൂഴിക്കാട് ഗവൺമെന്റ് യു.പി.എസിന് ഒരു കോടി രൂപ അനുവദിച്ചു. ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത്. എം.എൽ.എയുടെ വികസന ഫ ് ഉപയോഗിച്ച് മുഴുവൻ ക്ലാസ് മുറിയും സ്മാർട്ട് ക്ലാസ് ആക്കുകയും സ്കൂൾ ബസ് അനുവദിക്കുകയും ചെയ്തിരുന്നു. നിർമാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുമെന്ന് എം.എൽ.എ പറഞ്ഞു. (പിഎൻപി 165/19)

**വാഴവിത്ത് വിതരണം**

പത്തനംതിട്ട നഗരസഭ കൃഷിഭവന്റെപരിധിയിലുള്ള കർഷകർക്ക് വാഴ വിത്ത് ലഭിക്കുന്നതിന് ഈ മാസം 21ന് മുമ്പ് അപേക്ഷയും കരം അടച്ച രസീതും കൃഷിഭവനിൽ നൽകണമെന്ന് കൃഷി ഓഫീസർ അറിയിച്ചു. (പിഎൻപി 166/19)

**പത്തനംതിട്ട വിശ്രമകേന്ദ്രത്തിലെ പുതിയ വിഐപി ബ്ലോക്കിന്റെ നിർമാണോദ്ഘാടനം നാളെ (18)**

പത്തനംതിട്ട വിശ്രമകേന്ദ്രത്തിലെ പുതിയ വിഐപി ബ്ലോക്കിന്റെ നിർമാണോദ്ഘാടനം നാളെ (18) പകൽ 11:30ന് പൊതുമരാമത്ത്-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവഹിക്കും. വിശ്രമകേന്ദ്ര പരിസരത്ത് ചേരുന്ന യോഗത്തിൽ വീണാജോർജ് എംഎൽഎ

Sample output to test PDF Combine only

അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും.

110 വർഷം പഴക്കമുള്ള ഒരു കെട്ടിടവും 1982ൽ നിർമിച്ച മറ്റൊരു കെട്ടിടവുമാണ് പത്തനംതിട്ട വിശ്രമകേന്ദ്രത്തിൽ നിലവിൽ ഉള്ളത്. 8468 സ്ക്വയർ ഫീറ്റിലാണ് മൂന്ന് നിലകളോടു കൂടിയ പുതിയ കെട്ടിടം നിർമിക്കുന്നത്. ര ് നിലകളിലായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ നാല് വിഐപി മുറികളും മുകളിൽ നൂറ് പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാളും പുതിയ കെട്ടിടത്തിൽ ഉ ാകും. ര ര കോടി രൂപയാണ് പദ്ധതി നിർവഹണത്തിനായി സർക്കാർ അനുവദിച്ചിരിക്കുന്നത്. വീണാജോർജ് എം.എൽ.എയുടെ ശ്രമഫലമായാണ് പുതിയ കെട്ടിടത്തിന് നിർമാണാനുമതി ലഭിച്ചത്. ജില്ലയിൽ ആകെ ഒമ്പത് സർക്കാർ മന്ദിരങ്ങളാണ് ഉള്ളത്. വിശ്രമകേന്ദ്രത്തിലെ പഴയ കെട്ടിടങ്ങളിലെ ര ് വിഐപി റൂമുകളും പുതിയ കെട്ടിടത്തിലെ എട്ട് വിഐപി റൂമുകളും കൂടി ചേരുമ്പോൾ ജില്ലയിലെ ഏറ്റവും വലിയ സർക്കാർ വിശ്രമകേന്ദ്രമായി ഇത് മാറും. പതിനഞ്ച് മാസം കൊ ് നിർമാണം പൂർത്തിയാക്കാനാണ് പദ്ധതി.

എം.എൽ.എമാരായ മാത്യു.ടി തോമസ്, രാജു എബ്രഹാം, ചിറ്റയം ഗോപകുമാർ, അടൂർ പ്രകാശ്, പത്തനംതിട്ട നഗരസഭ അധ്യക്ഷ അഡ്വ.ഗീതാ സുരേഷ്, നഗരസഭ പ്രതിപക്ഷനേതാവ് പി.കെ അനീഷ്, വാർഡ് കൗൺസിലർ സുശീല പുഷ്പൻ, ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ.ടി.കെ.ജി നായർ, കെട്ടിടവിഭാഗം ചീഫ് എഞ്ചിനിയർ ഇ.കെ ഹൈദ്രു, ദക്ഷിണമേഖല സൂപ്ര ിംഗ് എഞ്ചിനിയർ ഡി.ഹരിലാൽ, എക്സിക്യൂട്ടീവ് എഞ്ചിനിയർ എസ് സുധ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 167/19)

## അങ്കണവാടി വർക്കർ, ഹെൽപ്പർ : സെലക്ഷൻ ലിസ്റ്റ് തയാറാക്കുന്നു

പുളിക്കീഴ് ഐസിഡിഎസ് പ്രോജക്ട് പരിധിയിൽ കടപ്ര പഞ്ചായത്തിലെ അങ്കണ വാടി കേന്ദ്രങ്ങളിൽ നിലവിലുള്ളതും ഉ ാകാൻ സാധ്യതയുള്ളതുമായ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഒഴിവുകളിലേക്ക് സ്ഥിരനിയമനത്തിന് സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരി ക്കുന്നു. 2018 ജനുവരി ഒന്നിന് 18നും 46നും മധ്യേ പ്രായമുള്ളവരും സേവനതൽപ്പരതയും മതിയായ ശാരീരിക ശേഷിയുമുള്ള വനിതകളും പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരു മായിരിക്കണം അപേക്ഷകർ. വർക്കർ തസ്തികയിലേക്ക് എസ്എസ്എൽസി പാസായവരും ഹെൽപ്പർ തസ്തികയിലേക്ക് എഴുതാനും വായിക്കാനും അറിയുന്നവരും എന്നാൽ എസ്എ സ്എൽസി പാസാകാത്തവരുമായിരിക്കണം അപേക്ഷകർ. പട്ടികജാതി/വർഗ വിഭാഗ ക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31. അപേക്ഷാഫോറവും കൂടുതൽ വിവരവും ഐസിഡിഎസ് ഓഫീസിൽ ലഭിക്കും. ഫോൺ: 0469 2610016. (പിഎൻപി 168/18)

## ജില്ലാ ആസൂത്രണ സമിതിയോഗം

ജില്ലാ ആസൂത്രണ സമിതിയോഗം ഈ മാസം 22ന് രാവിലെ 11ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 169/19)

## ഫോട്ടോ അടിക്കുറിപ്പ്

1) അടൂർ തെങ്ങമം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമാണ പുരോഗതി ചിറ്റയം ഗോപകുമാർ എംഎൽഎ വിലയിരുത്തുന്നു.
2) കളക്ടറേറ്റ് കോംപൗ ിലെ നവീകരിച്ച ക്യാന്റീൻ ജില്ലാ കളക്ടർ പി.ബി.നൂഹ് ഉദ്ഘാ ടനം ചെയ്യുന്നു.

Sample output to test PDF Combine only

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്പിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 16<br>January 16 | 2019 |
|---|---|

***1193 മകരം 2 ബുധൻ***

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

## കറക്ട്ഡ് ന്യൂസ്

**ജില്ലയുടെ വളർച്ച ലക്ഷ്യമിട്ട് ഡിസ്ട്രിക്ട് ഇന്നവേഷൻ കൗൺസിലിന്റെ പദ്ധതി**
**നവസംരംഭകർക്കായി സ്റ്റാർട്ട് അപ്– സാങ്കേതിക**
**പരിജ്ഞാന ക്യാമ്പുകൾ വരുന്നു; ഉദ്ഘാടനം 17ന്**

ജില്ലയുടെ വ്യവസായ വളർച്ച ലക്ഷ്യമിട്ട് ഡിസ്ട്രിക്ട് ഇന്നവേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നവസംരംഭകർക്കായി സ്റ്റാർട്ട് അപ്–സാങ്കേതിക പരിജ്ഞാന ക്യാമ്പുകൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ആശയങ്ങൾ പങ്കുവയ്ക്കാനും രൂപകൽപന ചെയ്ത ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും നവസംരംഭകർക്ക് അവസരം ഒരുക്കും. എല്ലാ മാസത്തിലെയും മൂന്നാം വ്യാഴാഴ്ച വൈകിട്ട് അഞ്ചു മുതൽ എട്ടു വരെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുക. ആദ്യ ക്യാമ്പിന്റെ ഉദ്ഘാടനം 17ന് വൈകിട്ട് അഞ്ചിന് തിരുവല്ല മാക്ഫാസ്റ്റ് കോളജ് ഓഡിറ്റോറിയത്തിൽ **മാത്യു ടി. തോമസ് എംഎൽഎ** നിർവഹിക്കും.

സബ് കളക്ടർ വിനയ് ഗോയൽ ആമുഖ പ്രഭാഷണം നടത്തും. എമർജിംഗ് ടെക്നോളജീസ് എന്ന വിഷയം അടിസ്ഥാനമാക്കി അമേരിക്കൻ സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കൺസൾട്ടന്റ് ക്രിഷ് പിള്ള മുഖ്യപ്രഭാഷണം നടത്തും. അമേരിക്കയിലെ തൊമർ ഗ്രൂപ്പിന്റെ സിഇഒ തോമസ് മൊട്ടയ്ക്കൽ വ്യവസായ സംരംഭകരുമായി തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കും. യുഎസ് എയ്റോ കൺട്രോൾസ് ഡയറക്ടർ കുസുമം ടൈറ്റസ്, സിഡാറ്റ് ചീഫ് ഓർഗനൈസർ റവ. ഡോ. ഏബ്രഹാം

Sample output to test PDF Combine only

മുളമൂട്ടിൽ എന്നിവർ പ്രസംഗിക്കും.

മധ്യതിരുവിതാംകൂറിലെ വാണിജ്യ-വ്യവസായ സംരംഭകർ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രമുഖർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ്, തിരുവല്ല സബ് കളക്ടർ വിനയ് ഗോയൽ, ചീഫ് ഓർഗനൈസർ റവ.ഡോ. ഏബ്രഹാം മുളമ്മൂട്ടിൽ എന്നിവർ അറിയിച്ചു. (പിഎൻപി 170/19)

## വജ്രജൂബിലി ഫെലോഷിപ്പ് കലാപരിശീലനം ആരംഭിച്ചു

സാംസ്കാരിക ഉന്നതി പരിപോഷിപ്പിക്കുന്നതിനും, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കലാ അഭിരുചി വളർത്തുന്നതിനും സാംസ്കാരിക വകുപ്പും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തും ചേർന്ന് നടപ്പാക്കുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായ പരിശീലന പരിപാടിയുടെ ബ്ലോക്ക്തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി സത്യൻ നിർവഹിച്ചു. ചെറുകോൽ, നാരങ്ങാനം, കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി, ഇലന്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലാണ് പരിശീലനം നൽകുന്നത്. വഞ്ചിപ്പാട്ട്, പടേനി, ചിത്രകല എന്നിവയിൽ 250 പേർക്കാണ് ആദ്യഘട്ടത്തിൽ സൗജന്യപരിശീലനം നൽകുന്നത്. ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ എൻ.ശിവരാമൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റുമാരായ കടമ്മനിട്ട കരുണാകരൻ, അന്നമ്മ തോമസ്, സ്ഥിരം സമിതി അധ്യക്ഷൻ കെ.എസ് പാപ്പച്ചൻ, അംഗങ്ങളായ രമാദേവി, ബിജിലി.പി.ഈശോ, എ.എൻ ദീപ, ആലീസ് രവി, ജോൺ.വി.തോമസ്, സാലി തോമസ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റ്റി അലക്സാ ർ, കെ അശോക് കുമാർ, മേലുകര ശിവൻകുട്ടി, ശിവരാജൻ, ബ്ലോക്ക് കോ-ഓർഡിനേറ്റർ വി.വിനീത്, ഗോപു വി.നായർ, കെ.ആർ.രഞ്ജിത്ത്, കിരൺ നന്ദകുമാർ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ പടേനി, വഞ്ചിപ്പാട്ട്,നാടൻപാട്ട് ആചാര്യൻമാരെ ആദരിച്ചു.

(പിഎൻപി 171/19)

## പഠനമുറി ഗുണഭോക്താക്കൾ അപേക്ഷ നൽകണം

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടത്തുന്ന പഠന മുറി (എസ്.സി) പദ്ധതിയിൽ ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണ ഭോക്താക്കൾ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയെ സമീപിക്കണമെന്ന് സെക്രട്ടറി അറിയിച്ചു. ഒരു ലക്ഷം രൂപയാണ് പഠനമുറി പദ്ധതിയിൽ നൽകുന്നത്.

(പിഎൻപി 172/19)

## ഫോട്ടോഗ്രാഫർ പാനൽ അഭിമുഖം

ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ ഫോട്ടോഗ്രാഫർ പാനലിലേക്ക് തിരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം 22ന് രാവിലെ 11ന് നടക്കും. അപേക്ഷകർ ഫോട്ടോ ഗ്രാഫി ഉപകരണങ്ങൾ, യോഗ്യത സംബന്ധിച്ച രേഖകൾ എന്നിവ സഹിതം കളക്ടറേറ്റ് ഒന്നാം നിലയിലുള്ള ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ രാവിലെ 10.30ന് എത്തണം.

(പിഎൻപി 173/19)

## അപേക്ഷ ക്ഷണിച്ചു

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രാദേശിക വികസനപരിപാടികളുടെ വീഡിയോ ഡോക്യുമെന്റേഷൻ സ്മാർട്ട്ഫോൺ സാങ്കേതികവിദ്യയിലൂടെ കിലയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതിന് 40 വയസിൽ താഴെയുള്ള സന്നദ്ധപ്രവർത്തകരെ ക്ഷണിക്കുന്നു. താത്പ ര്യമുള്ളവർ ബയോഡേറ്റയുമായി 19ന് മുമ്പായി പഞ്ചായത്ത് ഓഫീസിൽ എത്തണമെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. (പിഎൻപി 174/19)

Sample output to test PDF Combine only

**ഫോട്ടോ അടിക്കുറിപ്പ്**

1) ഇലന്തൂർ ബ്ലോക്ക് വജ്രജൂബിലി ഫെലോഷിപ്പ് പരിശീലന പരിപാടിയുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി സത്യൻ നിർവഹിക്കുന്നു.
2) കോഴിക്കോട് നടന്ന 39-ാം സംസ്ഥാന മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റിൽ ഷോട്ട്പുട്ട് , ജാവലിൻ ത്രോ, ഹാമർ ത്രോ, ഡിസ്കസ് ത്രോ എന്നീ ഇനങ്ങളിൽ സ്വർണം നേടിയ കോന്നി താലൂക്ക് ആഫീസിലെ ജീവനക്കാരി കെ.പി .ലാലി




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only